പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 920

29.09.2016-ൽ മറുപടിക്ക്

## ഭവന നിർമ്മാണ ബോർഡ് വക സ്ഥലത്തിന്റെ ഫലപ്രദമായ വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി. എഫ്. തോമസ്<br>ഡോ. എൻ. ജയരാജ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭവന നിർമ്മാണ ബോർഡിനു സ്വന്തമായി എത്ര ഹെക്ടർ ഭൂമിയുണ്ടെന്ന് അറിയിക്കുമോ; | (എ) ഭവന നിർമ്മാണ ബോർഡിന് 58.6310 ഹെക്ടർ ഭൂമിയുണ്ട്. |
| (ബി) ബോർഡിന് ഏറ്റവും കൂടുതൽ ഭൂമിയുള്ളത് ഏത് ജില്ലയിലാണ്; വ്യക്തമാക്കുമോ; | (ബി) എറണാകുളം ജില്ലയിൽ, 11.5451 ഹെക്ടർ. |
| (സി) ഹൗസിംഗ് ബോർഡിന് സ്വന്തമായിട്ടുള്ളതും വെറുതെ കിടക്കുന്നതുമായ ഭൂമി എപ്രകാരം ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; ഇതിനായി പദ്ധതികൾ ഏതെങ്കിലും വിഭാവനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ബോർഡിന് സ്വന്തമായുള്ളതും വെറുതെ കിടക്കുന്നതുമായ സ്ഥലങ്ങൾ ഓരോന്നും പരിശോധിച്ച് അനുയോജ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. വിശദവിവരം താഴെക്കൊടുക്കുന്നു.

1. തിരുവനന്തപുരത്ത് അമ്പലനഗറിൽ 60.178 സെന്റ് സ്ഥലത്ത് 60 ഫ്ലാറ്റുകൾ ഉൾക്കൊള്ളുന്ന പാരസ്പര്യം പദ്ധതി വിഭാവന ചെയ്തു അംഗീകാരം നൽകിയിട്ടുണ്ട്.
2. എറണാകുളം ജില്ലയിൽ കുമാരനാശാൻ നഗറിൽ 35.40 സെന്റ് സ്ഥലത്ത് 28 ഫ്ലാറ്റുകളും, 586.26 ച. മീറ്റർ കമേഴ്സ്യൽ ഏരിയയും ഉൾപ്പെടുന്ന പാരസ്പര്യം പദ്ധതിയാണ് ഉദ്ദേശിച്ചിട്ടുള്ളത്. ടി പദ്ധതിയ്ക്ക് അംഗീകാരം നൽകിക്കഴിഞ്ഞു.
3. എറണാകുളം ജില്ലയിൽ തൃക്കാക്കരയിൽ 15 സെന്റ് സ്ഥലത്ത് 16 ഫ്ലാറ്റുകളും 154.45 ച. മീറ്റർ കമേഴ്സ്യൽ ഏരിയയും ഉൾപ്പെടുന്ന പാരസ്പര്യം പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.
4. എറണാകുളം ജില്ലയിൽ ഇരുമ്പനത്ത് 25.23 സെന്റ് സ്ഥലത്ത് ഘട്ടം 1 ആയി 43 ഫ്ലാറ്റുകളും 1213.27 ച. മീറ്റർ കമേഴ്സ്യൽ ഏരിയയും ഉൾക്കൊള്ളുന്ന പാരസ്പര്യം പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.
5. കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരിയിൽ (സൈറ്റ് II) (72 ഫ്ലാറ്റുകൾ ഉൾപ്പെടുന്ന പാരസ്പര്യം പദ്ധതി) 75 സെന്റ് സ്ഥലത്ത് റസിഡൻഷ്യൽ അപ്പാർട്ടുമെന്റ്സ് പദ്ധതിയ്ക്ക് അംഗീകാരം നൽകിക്കഴിഞ്ഞു.
6. കോഴിക്കോട് മെഡിക്കൽ കോളേജ് ഭവന പദ്ധതിയിൽപ്പെട്ട 77.50 സെന്റ് സ്ഥലത്ത് 72 എക്സിക്യൂട്ടീവ് ഫ്ലാറ്റുകൾ ഉൾക്കൊള്ളുന്ന പാരസ്പര്യം പദ്ധതിയ്ക്ക് അംഗീകാരം നൽകി.
7. കോഴിക്കോട് മെഡിക്കൽ കോളേജ് ഭവന പദ്ധതിയിലെ 77.50 സെന്റ് ഭൂമിയിൽ 45 ഫ്ലാറ്റുകൾ ഉൾപ്പെടുന്ന പാരസ്പര്യം പദ്ധതിയ്ക്ക് അംഗീകാരം നൽകി.
8. എറണാകുളം ജില്ലയിൽ പനമ്പള്ളി നഗറിൽ 38.20 സെന്റ് സ്ഥലത്ത് പാരസ്പര്യം മാതൃകയിൽ 29 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ താഴെപ്പറയുന്ന ബോർഡ് വക ഭൂമികളിൽ കൂടി പാരസ്പര്യം പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

1. കോഴിക്കോട് മെഡിക്കൽ കോളേജ് ഭവന പദ്ധതിയിലെ 70 സെന്റ് സ്ഥലത്ത് - 36 ഫ്ലാറ്റുകൾ.
2. തൃശ്ശൂർ ജില്ലയിൽ ഇരിഞ്ഞാലക്കുടയിൽ 20.34 സെന്റ് സ്ഥലത്ത് കമ്മേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി- 10 ഫ്ലാറ്റുകളും 232.3 ച. കി. കമേഴ്സ്യൽ ഏരിയയും.
3. തൃശ്ശൂർ ജില്ലയിൽ കിഴക്കേ ചാലക്കുടിയിൽ 59.70 സെന്റ് സ്ഥലത്ത് കമ്മേഴ്സ്യൽ കോംപ്ലക്സ് - 4193.77 ച.കി. കമേഴ്സ്യൽ ഏരിയ.
4. എറണാകുളം ജില്ലയിൽ തൃക്കാക്കരയിൽ 69 സെന്റ് സ്ഥലത്ത് റസിഡൻഷ്യൽ അപ്പാർട്ടുമെന്റ്സ് പദ്ധതി- 84 ഫ്ലാറ്റുകൾ.
5. എറണാകുളം ജില്ലയിൽ ഇരുമ്പനത്ത് 48.05 സെന്റ് സ്ഥലത്ത് കമ്മേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി (ഘട്ടം II)- 32 ഫ്ലാറ്റുകളും 90.91 ച. മീറ്റർ കമേഴ്സ്യൽ ഏരിയയും.
6. തിരുവനന്തപുരത്ത് ആക്കുളത്ത് 776 സെന്റ് സ്ഥലത്ത് 22 വീടുകൾ.

മേൽപ്പറഞ്ഞവ കൂടാതെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ കൂടി പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

1. കോട്ടയത്ത് ഗാന്ധിനഗറിൽ 50 സെന്റ് സ്ഥലത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി.
2. കാസർഗോഡ് ജില്ലയിൽ മാഛൂരിൽ 34.03 സെന്റ് സ്ഥലത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി.
3. വയനാട് ജില്ലയിൽ മാനന്തവാടിയിൽ 889.89 സെന്റ് സ്ഥലത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി.
4. തിരുവനന്തപുരത്ത് ജഗതിയിൽ 35.78 സെന്റ് സ്ഥലത്ത് All India Service Officers Apartment പണിയുന്നതിനുള്ള പദ്ധതി.

സെക്ഷൻ ഓഫീസർ